**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 933** **11-02-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലകളിൽ സൗരോർജ്ജ തൂക്കുവേലി, ആനപ്രതിരോധ കിടങ്ങ് നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി റേഞ്ചിൽ നബാർഡ് പദ്ധതിയിലും, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലും (ആർ. കെ. വി. വൈ.) ഉൾപ്പെടുത്തി സൗരോർജ്ജ തൂക്കുവേലികളും ആനപ്രതിരോധ കിടങ്ങുകളും നിർമ്മിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (എ) | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എരുമേലി റെയിഞ്ചിൽ അഴുതക്കടവ് കാളകെട്ടി മുതൽ 116 വരെ 4.8 കി.മി ദൂരത്തിൽ 58,35,000/-രൂപ ചെലവിലും കണ്ടക്കയം മുതൽ മതമ്പ ഏരിയാ വരെ 14 കി.മി ദൂരത്തിൽ 1,77,86,000/- രൂപ ചെലവിലും ആകെ 18.8 കി.മി ദൂരത്തിൽ 2,36,21,000/- രൂപ ചെലവിൽ നിർമ്മിക്കുന്ന സൗരോർജ്ജ തൂക്ക് വേലികളുടെ നിർമ്മാണം ആരംഭിക്കുന്നതിന് കോൺട്രാക്ടർക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കണ്ണാട്ടുകവല മുതൽ പന്നിവെട്ടുംപാറ ഭാഗത്ത് 0.5 കി.മി 13,60,000/- രൂപ ചെലവിലും കോരുത്തോട് കൊമ്പുകുത്തി ട്രൈബൽ സെറ്റിൽമെന്റ് ഭാഗത്ത് ഒരു കി.മി 28,34,000/- രൂപ ചെലവിലും, ആകെ 1.5 കി.മി ദൂരത്തിൽ 41,94,000/- രൂപ ചെലവിൽ ആനപ്രതിരോധകിടങ്ങ് നിർമ്മാണത്തിന്റെ മണ്ണ് നീക്കം ചെയ്യൽ പ്രവർത്തി പുരോഗമിച്ച് വരുന്നു.<br><br>RKVY പദ്ധതിയിൽ എരുമേലി റെയിഞ്ചിൽ കോട്ടയം ജില്ലയിൽ കോയിക്കക്കാവ് പായസപ്പടി വരെ 9.25 കി.മി ദൂരത്തിൽ 74,40,000/-രൂപ ചെലവിൽ നിർമ്മിക്കുന്ന സൗരോർജ്ജതൂക്ക് വേലിയുടെ രണ്ട് കി.മി നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗങ്ങളിലെ നിർമ്മാണം പുരോഗമിച്ചു വരുന്നു. മഞ്ഞളരുവി മുതൽ മമ്പാടി വരെ 6 കി.മി ദൂരത്തിൽ 48,31,000/- രൂപ ചെലവിലും മഞ്ഞളരുവി-പാക്കാനം വരെ 3.7 കി.മി ദൂരത്തിൽ 29,80,000,/- രൂപ ചെലവിലും സൗരോർജ്ജ തൂക്ക് വേലികൾ നിർമ്മിക്കുന്നതിന്റെ വീഡിംഗ് ജോലികൾ പൂർത്തികരിച്ച് പോസ്റ്റുകൾ സ്ഥാപിക്കുന്നത് പുരോഗമിച്ച് വരുന്നു. മമ്പാടി പാക്കാനം ഭാഗത്ത് 1.5 കി.മീ ദൂരത്തിൽ 37,50,000/- രൂപ ചെലവിൽ നിർമ്മിക്കുന്ന ആന പ്രതിരോധ കിടങ്ങ് 300 മീറ്റർ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗങ്ങളിലെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ